LIBRARY ARCHIVES Kerala Legislative Assembly

പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യോഗ്യരായവരെ ഫെസിലിറ്റേറ്റർമാരായി നിയമിക്കുന്നതിലൂടെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠന കാര്യത്തിലുള്ള പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കി ആവശ്യമായ പരിഹാര മാർഗ്ഗങ്ങൾ ഒരുക്കി വിദ്യാർത്ഥികളെ പഠനത്തിൽ മുഖ്യധാരയിൽ എത്തിക്കുക, വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുക, പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക ട്യൂഷൻ നൽകി അവരെ പഠനത്തിൽ മുന്നിൽ എത്തിക്കുക എന്നിവയാണ് സാമൂഹ്യ പഠനമുറി പദ്ധതിയിലൂടെ പ്രധാനമായി ലക്ഷ്യമിടുന്നത്. വിവിധ ജില്ലകളിലായി 2019-20, 2020-21 വർഷങ്ങളിലായി ആകെ 250 സാമൂഹ്യ പഠനമുറികൾ ആരംഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു. പുതുതായി 125 സാമൂഹ്യ പഠനമുറികൾ കൂടി സജ്ജീകരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

പട്ടികജാതി ക്ഷേമ വകുപ്പ് മലമ്പുഴയിൽ നടത്തിയ വികസന പ്രവർത്തനങ്ങൾ

80(386) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ 2021 വരെയുള്ള കാലയളവിൽ പട്ടികജാതി ക്ഷേമ വകുപ്പ് മുഖാന്തരം മലമ്പുഴ മണ്ഡലത്തിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് അറിയിക്കാമോ;

(ബി) ഇതിൽ ഓരോ പദ്ധതിക്കും അനുവദിച്ച തുകയും പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ?

(എ&ബി) വിശദമായ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

ആദിവാസി പുനരധിവാസ മിഷൻ

81(387) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യത്തിന് പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആദിവാസി പുനരധിവാസ മിഷൻ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാം?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ഭൂരഹിതരായ 5011 പേർക്ക് വനാവകാശ നിയമം, ഭൂമി വിലയ്ക്ക് വാങ്ങി നൽകുന്ന പദ്ധതി, നിക്ഷിപ്ത വനഭൂമി വിതരണം, റവന്യൂ ഭൂമി വിതരണം എന്നീ പദ്ധതികളിലായി 4146.53 ഏക്കർ ഭൂമി വിതരണം ചെയ്തു. കൂടാതെ പുനരധിവസിപ്പിക്കപ്പെട്ടവർക്ക് വീട് ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളും ആദിവാസി പുനരധിവാസ വികസന മിഷൻ മുഖേന നടപ്പിലാക്കി വരുന്നു.

(ബി) പ്രസ്തുത പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; ഓരോ പുനരധിവാസ മേഖലയുടെയും വികസനത്തിനായി നീക്കിവച്ച തുക എത്രയാണ്; അതിൽ എത്ര രൂപ വീതം ചെലവഴിച്ചു; വിശദമാക്കുമോ?

പ്രസ്തുത പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ഓരോ പുനരധിവാസ മേഖലയുടെ വികസനത്തിനായി ഒരു നിശ്ചിത തുക നീക്കിവെക്കാറില്ല. പുനരധിവാസ മേഖലകളിൽ നടന്നുവരുന്ന വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായി വരുന്ന തുക അനുവദിക്കുന്നുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പുനരധിവാസ പ്രവർത്തനങ്ങൾക്കായി ചെലവഴിച്ച തുകയുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളെക്കുറിച്ച് ഏതൊക്കെ റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിനാണ് കിർത്താഡ്സിന് സർക്കാർ തുക അനുവദിച്ചത്; ഇവയിൽ ഏതൊക്കെ റിപ്പോർട്ടുകളാണ് ഇതിനോടകം സമർപ്പിക്കപ്പെട്ടിട്ടുള്ളത് ?

ആദിവാസി പുനരധിവാസ വികസന മിഷൻ പുനരധിവാസ മേഖലകളെക്കുറിച്ച് പഠനം നടത്തുന്നതിനായി കിർത്താഡ്സിന് 12,35,000 രൂപ 2018-19 സാമ്പത്തിക വർഷം അനുവദിച്ചു നൽകിയിട്ടുണ്ട്. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, എറണാകുളം, കോട്ടയം, ഇടുക്കി, വയനാട്, കണ്ണൂർ, കാസർഗോഡ്, കോഴിക്കോട് എന്നീ ജില്ലകളിലെ പുനരധിവാസ മേഖലകളെ കുറിച്ചുള്ള പഠന റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ഗോത്രഭാഷാ പഠനകേന്ദ്രം സംബന്ധിച്ച റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിനായി 15 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

റാന്നിയിലെ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള പദ്ധതികൾ

82 (388) ശ്രീ. പ്രമോദ് നാരായൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജകമണ്ഡലത്തിലെ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി 2016 ജൂൺ 30 മുതൽ 2021 ജൂൺ 30 വരെ വിവിധ പദ്ധതികൾക്കായി അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിശദാംശങ്ങൾ പദ്ധതി തിരിച്ച് പട്ടികയായി ലഭ്യമാക്കാമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.